# വാഴ്ത്തപ്പെട്ട ദേവസഹായം പിള്ള

യേശുവിലുള്ള വിശ്വാസം ഒരുവനിൽ വരുത്തുന്ന വിസ്മയാവഹമായ രൂപാന്തരീകരണത്തിന് തെളിമയാർന്ന ഉദാഹരണമാണ് വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ ജീവിതം.

തമിഴ്നാട്ടിൽ ഇന്നത്തെ കന്യാകുമാരി ജില്ലയിൽ പത്മനാഭപുരത്തിനടുത്ത് നട്ടാലത്ത് മരുതക്കുളങ്ങര നായർ കുടുംബത്തിൽ 1712 ഏപ്രിൽ 23ന് നീലകണ്ഠപിള്ള എന്ന ദേവസഹായം പിള്ള ജനിച്ചു. വാസുദേവൻ നമ്പൂതിരിയും ദേവകിയമ്മയുമായിരുന്നു മാതാപിതാക്കൾ. ഹൃദയാലുവായ അദ്ദേഹത്തിന് കുടുംബാംഗങ്ങൾക്കിടയിൽ മഹനീയമായ സ്ഥാനമാണുണ്ടായിരുന്നത്. ഇരണിയിലിനടുത്തുള്ള മേക്കോട് തറവാട്ടിലെ ഭാർഗവി അമ്മാളിനെ അദ്ദേഹം വിവാഹം കഴിച്ചു.

മാർത്താണ്ഡവർമ്മ മഹാരാജാവ് തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്താണ് പ്രസിദ്ധമായ പത്മനാഭപുരം കൊട്ടാരം പണി കഴിപ്പിച്ചത്. കൊട്ടാരം പണിയുടെ മേൽനോട്ടം, ക്ഷേത്ര കാര്യാന്വേഷണം, ഉദയഗിരിക്കോട്ടയുടെ നിർമ്മാണപ്രവർത്തനങ്ങളുടെ മേൽനോട്ടം, ജോലിക്കാർക്കുള്ള വേതനം നല്കൽ തുടങ്ങിയവയ്ക്കായി നീലകണ്ഠപിള്ള നിയമിതനായി.

1741-ൽ നടന്ന പ്രസിദ്ധമായ കുളച്ചൽ യുദ്ധത്തിൽ തിരുവിതാംകൂർ സൈന്യം ഉജ്ജ്വലമായി പോരാടി. ഡച്ചുസൈന്യത്തെ പരാജയപ്പെടുത്തി. ഡച്ചുസൈന്യാധിപൻ എസ്താക്കിയൂസ് ബെനഡിക്ട് ഡിലിനോയി ഉൾപ്പെടെ പലരെയും തിരുവിതാംകൂർ സൈന്യം യുദ്ധത്തടവുകാരായി പിടിച്ചു.

ബൽജിയത്ത് ഉത്തമകത്തോലിക്കാ കുടുംബത്തിൽ ജനിച്ച ഡിലിനോയിയുടെ ധീരതയിലും ആത്മാർത്ഥതയിലും ആകൃഷ്ടനായ മാർത്താണ്ഡവർമ മഹാരാജാവ് അദ്ദേഹത്തെ തടവിൽ നിന്നു സ്വതന്ത്രനാക്കി. തിരുവിതാംകൂർ സൈന്യത്തെ നവീകരിക്കുവാനുള്ള മുഖ്യചുമതല ഏല്പിച്ചു. ഡിലിനോയിയുടെ നേതൃത്വത്തിൽ ഉദയഗിരിക്കോട്ടയുടെ നിർമാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ മേല്നോട്ടക്കാരനായി നിയമിതനായത് നീലകണ്ഠപിള്ളയായിരുന്നു. ഇത് ഇരുവരും ആത്മമിത്രങ്ങളാകുന്നതിനു സഹായകമായി.

തന്റെ കുടുംബത്തിൽ തുടർച്ചയായുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്കു കാരണം ദേവീകോപമാണെന്നു പറഞ്ഞ നീലകണ്ഠപിള്ളയോടു ബൈബിളിലെ നീതിമാനായ ജോബിന്റെ കഥ ഡിലിനോയി വിവരിച്ചു. ജോലി കഴിഞ്ഞുള്ള ഇടവേളകളിൽ യേശുക്രിസ്തുവിനെക്കുറിച്ചും നിത്യജീവനെക്കുറിച്ചും ഈ ലോകത്തെക്കാൾ വിലയുള്ള ആത്മാവിനെക്കുറിച്ചുമെല്ലാം ഡിലിനോയി നീലകണ്ഠപിള്ളയോടു പറയുമായിരുന്നു. അങ്ങനെ, ക്രിസ്ത്യാനിയാകാനുള്ള അദമ്യമായ ആഗ്രഹം നീലകണ്ഠപിള്ളയ്ക്കുണ്ടായി.

1745 മേയ് 17ന് വടക്കൻകുളത്തുവച്ച് ഈശോ സഭാവൈദികനായിരുന്ന ഫാ. ജെ. ബുട്ടാരിയിൽ നിന്നു നീലകണ്ഠപിള്ള മാമ്മോദീസ സ്വീകരിച്ച് ദേവസഹായംപിള്ളയായി മാറി. 'ലാസർ' എന്നതിന്റെ തമിഴ് വിവർത്തനമാണ് ദേവസഹായം. 'ദൈവം സഹായിച്ചു' എന്നർത്ഥം. ദേവസഹായംപിള്ളയുടെ ഭാര്യ ഭാർഗവി അമ്മാളെയും ഫാ. ജെ. ബുട്ടാരി തന്നെ വടക്കൻകുളത്തുവച്ച് മാമോദീസാ നൽകി ജ്ഞാനപ്പൂ(ത്രേസ്യാ) എന്ന പേരു നൽകി.

രാജകുടുംബത്തോടു ബന്ധപ്പെട്ട് ഉയർന്ന ഉദ്യോഗം വഹിക്കുന്ന ആളായതിനാൽ ക്രിസ്തുമതം സ്വീകരിച്ചാലുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ച് അദ്ദേഹത്തിനറിയാമായിരുന്നു. 40 ദിവസത്തെ പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ശേഷം അദ്ദേഹം യേശുവിലുള്ള തന്റെ വിശ്വാസം ഇപ്രകാരം ദൃഢപ്പെടുത്തി; ''പരിശുദ്ധാത്മാവ് എന്റെ സഹായത്തിനുണ്ട്, എന്റെ വിശ്വാസം തെളിയിക്കാനായി ഞാൻ യേശുവിന്റെ ഗാഗുൽത്താ യാത്രയെ പിന്തുടരും. എന്റെ സ്വത്തും സുഖങ്ങളും ബന്ധുമിത്രങ്ങളെയും മാതാപിതാക്കളെയും എന്റെ ശരീരവും ആത്മാവും ദൈവത്തിനായി സമർപ്പണം ചെയ്യാൻ ഞാൻ തയ്യാറാണ്. ഇത് എന്റെ ജ്ഞാനസ്നാനത്തിന്റെ അറിയിപ്പായി സ്വീകരിച്ച് തിരുസ്സഭയിൽ ചേർത്തരുളണം''.

സത്യവിശ്വാസം സ്വീകരിച്ച ദേവസഹായം പിള്ളയുടെ മതപരിവർത്തനവും സുവിശേഷ പ്രവർത്തനങ്ങളും ആഴമായ പ്രാർത്ഥനാചൈതന്യവും മഹാരാജാവിന്റെ പ്രധാനമന്ത്രിയായിരുന്ന രാമയ്യൻ ദളവയുടെ ഉറക്കം കെടുത്തി. ദേവസഹായത്തെയും കൂട്ടുകാരെയും കഴുമരത്തിൽ തൂക്കുമെന്ന് ദളവ ഭീഷണിപ്പെടുത്തി. തന്റെ നാളുകൾ എണ്ണപ്പെട്ടു കഴിഞ്ഞുവെന്ന് ദേവസഹായം പിള്ളയ്ക്കു മനസ്സിലായി.

ദേവസഹായത്തിന്റെ ഭാര്യയും ബന്ധുമിത്രാദികളും നാട്ടുകാരും ഒന്നൊന്നായി ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതോടെ ഉയർന്ന ജാതിക്കാരുടെ ഇടയിൽ ക്രിസ്തുമതം പ്രചരിക്കുന്നതിൽ കുപിതരായ ബ്രാഹ്മണരും രാമയ്യർ ദളവയും ദേവസഹായം പിള്ളയ്ക്കെതിരെ ശിക്ഷാനടപടികൾ ആരംഭിച്ചു. ദേവസഹായം പിള്ളയുടെ മേൽ വ്യാജാരോപണങ്ങൾ ചുമത്തി, 1749 ഫെബ്രുവരി 23 ന് അദ്ദേഹത്തെ അറസ്റ്റ് ചെയ്തു ജയിലിലടച്ചു. കർത്താവിന്റെ വിശ്വസ്ത സാക്ഷിയായി മാറിയ ദേവസഹായം പിള്ളയെ, ദുർഗന്ധം വമിക്കുന്ന വെള്ളെരിക്കിൻ പൂമാല ചാർത്തി ക്രൂരമായി മർദ്ദിച്ച് എരുമപ്പുറത്തു ഗ്രാമങ്ങളിലും ചന്തസ്ഥലങ്ങളിലും തെരുവീഥികളിലും കൊണ്ടുപോയി. ക്രിസ്തുമതം ഉപേക്ഷിക്കുന്നതിന് ചൂരൽ കൊണ്ട് 30 അടിവീതം അടിക്കുന്നതിനും അടിയാലുണ്ടാകുന്ന മുറിവുകളിൽ മുളകുപൊടിയിട്ട് വെയിലത്തിരുത്തുന്നതിനും അധികാരികളെ ചുമതലപ്പെടുത്തി. വ്രണങ്ങളിൽ മുളകുപൊടി പുരട്ടി മുളവടികൊണ്ടടിച്ചു ചുണ്ണാമ്പു ചൂളയിലിരുത്തി ശ്വാസം മുട്ടിച്ചു.

കഠിനമായ വേദന അനുഭവിക്കുന്ന ഒരു രാത്രിയിൽ ഉറക്കത്തിൽ ഉണ്ണിയേശുവും പരിശുദ്ധ കന്യാമറിയവും യൗസേപ്പിതാവും ദേവസഹായം പിള്ളയ്ക്കു പ്രത്യക്ഷപ്പെട്ടു. അതോടെ ക്രിസ്തുവിനുവേണ്ടി നിലകൊള്ളാനുള്ള ആഗ്രഹം അദ്ദേഹത്തിൽ വർദ്ധിച്ചു.

വ്രണം അസഹ്യമാക്കുന്ന മുളകുപൊടി വ്രണത്തെ സുഖപ്പെടുത്തുന്നത് അധികാരികളെ ആശയകുഴപ്പത്തിലാക്കി. അവസാനം അദ്ദേഹത്തെ പീഡിപ്പിച്ച് കൊന്നുകളയാൻ അവർ തീരുമാനിച്ചു. കരിഞ്ചുരമുള്ളുകൊണ്ടുള്ള പ്രഹരത്താൽ ശരീരം മുറിഞ്ഞു ചോരയൊഴുകുന്ന മുറിപ്പാടുകളിൽ മുളകുപുരട്ടി 'പുലിയൂർകുറിച്ചി' എന്ന സ്ഥലത്തെ പാറക്കൂട്ടത്തിൽ കൊണ്ടുപോയി ഇരുത്തി. കഠിനദാഹത്താൽ വെള്ളം ചോദിച്ചപ്പോൾ ഓടയിലെ ദുർഗന്ധം വമിക്കുന്ന മലിനജലം ഒരുടഞ്ഞ മൺപാത്രത്തിൽ കൊടുത്തു. അദ്ദേഹം ആ വെള്ളം കുടിച്ചു. വീണ്ടും വെള്ളം ചോദിച്ചപ്പോൾ ഭടന്മാർ ദേഷ്യപ്പെട്ട് പാറയിലേക്ക് പിടിച്ചു തള്ളി. വിശപ്പും ദാഹവും കൊണ്ട് ശരീരത്തിനു ഭ്രാന്തുപിടിക്കുന്നതുപോലെ. അല്പം കുടിവെള്ളത്തിനായി അദ്ദേഹം കൊതിച്ചു. ഇസ്രായേലിന് മരുഭൂമി

യിൽവച്ച് പാറ പിളർന്നു ജലം നല്കിയ കർത്താവിനെ അദ്ദേഹം ഓർത്തു. വിലങ്ങുവച്ച തന്റെ കൈകൾ മടക്കി മുട്ടു ചേർത്തുവച്ചുകൊണ്ട് അദ്ദേഹം വിശ്വാസത്തോടെ പാറയിൽ ഇടിച്ചു. പാറയിൽ നിന്ന് ഉടൻതന്നെ കുളിർ ജലം പ്രവഹിച്ചു. മതിവരുവോളം കുടിച്ച് അദ്ദേഹം ദാഹശാന്തി വരുത്തി. ഭടന്മാർ ആശ്ചര്യഭരിതരായി. മുട്ടിടിച്ചാൻപാറ എന്നറിയപ്പെടുന്ന അവിടുത്തെ നീരുറവയിൽ നിന്ന് ഇന്നും തീർത്ഥാടകർ ജലം പാനം ചെയ്ത് രോഗശാന്തി നേടുന്നു.

ദേവസഹായം പിള്ളയുടെ പീഡനയാത്രയുടെ ഒടുവിൽ, ആരുവാമൊഴിപ്പാതയുടെ അടുത്തുള്ള പെരുവിളയിൽ ആരാച്ചാരുടെ തൊഴുത്തിനടുത്തുള്ള ഒരു പട്ടവേപ്പുമരത്തിൽ, കന്നുകാലിയെ കെട്ടുന്നതുപോലെ ദേവസഹായം പിള്ളയെ ചങ്ങലയിൽ ബന്ധിച്ചു. ആറേഴുമാസം ചൂടും തണുപ്പും മഴയും വെയിലും കൊണ്ട് അദ്ദേഹം അവിടെ കഴിഞ്ഞു. വെറുപ്പിന്റെയോ, ശത്രുതയുടെയോ ലാഞ്ഛനപോലും ആ തടവുകാരന്റെ മുഖത്തു കാണാത്തതു ആരാച്ചാരെ അത്ഭുതപ്പെടുത്തി. തടവുകാരനിലെ ദൈവികത കണ്ട് ആരാച്ചാർ ഒരു രാത്രിയിൽ ദേവസഹായം പിള്ളയുടെ അടുത്തെത്തി തന്റെ ദുഃഖം പങ്കുവച്ചു. എല്ലാം ഉണ്ടായിട്ടും, വിവാഹം കഴിഞ്ഞ് ഏറെക്കാലം കഴിഞ്ഞ അയാൾക്കു സന്താന ഭാഗ്യം ഇല്ലെന്നതായിരുന്നു അയാളുടെ ദുഃഖം. പ്രാർത്ഥനാനിരതമായി അല്പനേരം കഴിഞ്ഞ് ദേവസഹായം ആരാച്ചാരെ അനുഗ്രഹിച്ചു പറഞ്ഞു,'അധികം വൈകാതെ നിനക്കൊരു ആൺകുഞ്ഞു ജനിക്കും'. ആ പ്രവചനം യഥാകാലം യാഥാർത്ഥ്യമായി.

മൂന്നു വർഷത്തോളം പീഡിപ്പിച്ചിട്ടും ദേവസഹായംപിള്ള ക്രിസ്തുവിനെ തള്ളിപ്പറയാത്തത് അധികാരികളെ അസ്വസ്ഥമാക്കി. തിരുവിതാംകൂർ അതിർത്തിയിലുള്ള ആരൽവായ്മൊഴിയിലെ മലയിൽ കൊണ്ടുപോയി ദേവസഹായംപിള്ളയെ വെടിവെച്ചുകൊല്ലുവാൻ രാജാവ് ഉത്തരവിട്ടു. ദൃഢവിശ്വാസവും മനോധൈര്യവും പ്രദർശിപ്പിക്കേ സമയമായെന്ന് ഡിലിനോയി സൂചിപ്പിച്ചപ്പോൾ ''യേശുവിലുള്ള വിശ്വാസത്തിന്റെ പേരിൽ ധീരതയോടെ മരിക്കാനും തയ്യാറാണ്'' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

അദ്ദേഹം ജ്ഞാനസ്നാനം സ്വീകരിച്ചിട്ട് 7 വർഷവും സത്യവിശ്വാസത്തിനുവേണ്ടി ജയിൽവാസം തുടങ്ങിയിട്ട് മൂന്നു വർഷവും നാല്പതു ദിവസവും അദ്ദേഹം ജനിച്ചിട്ട് 40 വയസ്സും തികയുന്ന 1752 ജനുവരി 14ന് വെള്ളിയാഴ്ച സന്ധ്യയ്ക്ക് ദേവസഹായംപിള്ളയെ മലയിലെ പൊക്കമുള്ള പാറയിൽ നിർത്തി മൂന്നു ഭടന്മാർ നിറയൊഴിച്ചു. അദ്ദേഹം താഴെ വീണു. 'യേശുവേ രക്ഷിക്കണേ, പരിശുദ്ധ മറിയമേ രക്ഷിക്കണേ . . . . ' എന്നാണ് അദ്ദേഹം അവസാനമായി ഉച്ചരിച്ചത്.

ദിവസങ്ങൾക്കുശേഷം ചില ക്രൈസ്തവ വ്യാപാരികൾ അദ്ദേഹത്തിന്റെ ശരീരാവശിഷ്ടങ്ങൾ കണ്ടെടുത്തു. അന്ന് കൊച്ചി ബിഷപ്പായിരുന്ന ബിഷപ്പ് ക്ലമൻസ് ജോസഫിന്റെ നിർദ്ദേശപ്രകാരം സെന്റ് ഫ്രാൻസിസ് സേവ്യറിന്റെ നാമത്തിലുള്ള ദേവാലയത്തിലെ പ്രധാന അൾത്താരക്കു താഴെ, ആഘോഷമായ ദിവ്യബലിയോടെ ദേവസഹായംപിള്ളയുടെ പൂജ്യശരീരം അടക്കംചെയ്തു. ദേവസഹായംപിള്ളയുടെ മരണശേഷം അദ്ദേഹത്തിന്റെ ഭാര്യ ജ്ഞാനപ്പൂവമ്മ വടക്കൻക്കുളത്തു ചെന്ന് 14 വർഷം വിശുദ്ധജീവിതം നയിച്ചു മരിച്ചു. വടക്കൻകുളം പള്ളിയിൽ സംസ്കരിച്ചു.

1756 നവംബർ 15ന് കൊച്ചി ബിഷപ്പായിരുന്ന ക്ലമൻസ് ജോസഫ് എസ്.ജെ. ബെനഡിക്ട് പതിനാലാമൻ മാർപാപ്പയ്ക്ക് ദേവസഹായംപിള്ളയെക്കുറിച്ച് ഒരു റിപ്പോർട്ട്

നൽകി. ദേവസഹായംപിള്ളയ്ക്കു പീഡനം ഏല്ക്കേണ്ടിവന്ന അഞ്ചുതെങ്ങിൽ താമസിച്ച് അദ്ദേഹത്തിന്റെ ധീരരക്തസാക്ഷിത്വത്തെക്കുറിച്ചു തയ്യാറാക്കിയതും പിന്നീട് വത്തിക്കാൻ രഹസ്യപുരാശേഖരത്തിൽ നിന്നും കണ്ടെടുത്തതുമായ ഈ റിപ്പോർട്ടാണ് വാഴ്ത്തപ്പെട്ട വനായി പ്രഖ്യാപിക്കാനുള്ള നിർണായക രേഖയായി പരിണമിച്ചത്.

വേദസാക്ഷി ദേവസഹായംപിള്ളയുടെ ഉന്നത ദൈവിക ജ്ഞാനം, സഹനശക്തി, ക്ഷമ, ശത്രുസ്നേഹം, വീരമരണം മുതലായവ ആധുനിക ലോകത്തിനു വലിയ അത്ഭുതം തന്നെയാണ്. വാഴ്ത്തപ്പെട്ട ദേവസഹായംപിള്ളയുടെ വിശ്വാസമാതൃക ആഴമായി ധ്യാനി ക്കുവാനും അദ്ദേഹത്തിന്റെ വിശ്വാസചൈതന്യം ജീവിതത്തിൽ പകർത്തുവാനും നമുക്കു കഴിയണം. അദ്ദേഹത്തിന്റെ ജീവിതം നമ്മുടെ ജീവിത പരിശോധനയ്ക്കുള്ള ഒരു കണ്ണാടി യാകട്ടെ.

ഭാരതക്രൈസ്തവരുടെ മുമ്പിൽ വലിയൊരു ചോദ്യചിഹ്നം ദേവസഹായംപിള്ള ഉയർത്തു ന്നുണ്ട്. ക്രിസ്തീയവിശ്വാസത്തിൽ ജീവിക്കണമെങ്കിൽ സഹനം അനിവാര്യമാണ്. കുരി ശില്ലാതെ കിരീടമില്ല. സത്യദൈവത്തെ തള്ളിപ്പറയുന്നതും സത്യവിശ്വാസത്തെ നിരാകരി ക്കുന്നതും പല പല സെക്ടുകളിലേക്കു കൂടുമാറുന്നതും ഇന്നു ക്രൈസ്തവരുടെയിട യിൽ സർവസാധാരണമായിട്ടുണ്ട്.

രക്ഷകനായ യേശുവേ, സുകൃതസമ്പന്നമായ ജീവിതത്തിലൂടെ, ക്ലേശങ്ങളെയും സഹന ങ്ങളെയും സന്തോഷപൂർവ്വം സ്വീകരിച്ചുകൊണ്ട് വിശ്വാസത്തിലും വിശുദ്ധിയിലും വളർന്ന് കുടുംബത്തിലും സമൂഹത്തിലും പ്രവർത്തനരംഗത്തും സാക്ഷ്യജീവിതം നയി ക്കുവാൻ വേണ്ട അനുഗ്രഹം വാഴ്ത്തപ്പെട്ട ദേവസഹായംപിള്ളയുടെ മാദ്ധ്യസ്ഥ്യം വഴി ഞങ്ങൾക്കു നല്കുമാറാകണമേ. ആമ്മേൻ.